ശ്രീ. കെ. രാഘവൻമാസ്റ്റർ: ഐ. എ. എസ്. കൊടുത്തവരുടെ കൂട്ടത്തിൽ ഹരിജനങ്ങളും ആരെങ്കിലും ഉണ്ടോ; ഗിരിജനങ്ങളിൽ ആർക്കെങ്കിലും ഐ. എ. എസ്. കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇപ്പോഴത്തെ സെലക്ഷനാണെങ്കിൽ അത് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നതേയുള്ളു. ഇപ്പോൾ മറുപടി പറയാൻ പറ്റുകയില്ല.

ശ്രീ. സി. എ. കുര്യൻ: ഐ. എ. എസ്. കേഡറിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ഒരു കമ്മിറ്റിയാണ് പരിശോധിക്കുന്നതെന്ന് പറഞ്ഞു. ആ കമ്മിറ്റിയിൽ സെൻട്രൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പർമാർ ഉണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അംഗമാണ് ആ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ.

ശ്രീ. എം. വി. രാഘവൻ: ഐ. എ. എസ്. സെലക്ഷൻ ബോർഡിന്റെ ശുപാർശ ഗവൺമെന്റ് അപ്പടി അംഗീകരിക്കുമോ; അതിൽ മാറ്റംവരുത്താറുണ്ടോ; മാറ്റം വരുത്തിയിട്ടുള്ള സംഭവം ഉണ്ടായിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് പറയാൻ ഇപ്പോൾ എന്റെ കയ്യിൽ വിവരമില്ല. സാധാരണ മാറ്റം വരുത്താറില്ലെന്നാണ് എന്റെ അറിവ്.

പോലീസ് സബ്ഡിവിഷനുകൾ

*286 [302] ഡോ. കെ. ജി. അടിയോടി:

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:

ശ്രീ. കെ. രാഘവൻ മാസ്റ്റർ:

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സബ്ഡിവിഷനുകൾ പുതിയതായി തുടങ്ങുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) ഇതുമൂലം നിലവിലുള്ള ഏതെങ്കിലും സബ് ഡിവിഷനുകൾക്ക് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തര വകുപ്പു മന്ത്രി: (ശ്രീ. കെ. എം. മാണി): (എ,ബി,സി) പുതിയ സബ്ഡിവിഷനുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല. നിലവിലുള്ള ചില സബ്ഡിവിഷനുകളുടെ അധികാരപരിധി മാറ്റുന്ന കാര്യം പരിശോധിച്ചു വരുന്നു.

ഡോ. കെ. ജി. അടിയോടി: സബ്ഡിവിഷനുകൾ തുടങ്ങിയാൽ അത് പ്രവർത്തിക്കാനുള്ള സൗകര്യങ്ങളും അതോടൊപ്പംതന്നെ ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സബ് ഡിവിഷനുകളും തുടങ്ങുമ്പോൾ അതിന് മിനിമം ആവശ്യമുള്ള സജ്ജീകരണങ്ങളോടുകൂടിയാണ് തുടങ്ങുന്നത്.

ഡോ. കെ. ജി. അടിയോടി: പല സ്ഥലങ്ങളിലും ഉദ്യോഗസ്ഥൻമാരെ പോസ്റ്റു ചെയ്യുകയല്ലാതെ അതിനു വേണ്ട സൗകര്യങ്ങളും ഇല്ലാത്തതുകൊണ്ട് യാതൊന്നും ചെയ്യാൻ കഴിയുന്നില്ലെന്നു പരാതി ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: മിനിമം സൗകര്യങ്ങളും ഉണ്ട്. കൂടുതൽ സൗകര്യങ്ങളും ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിന് സാമ്പത്തിക പരാധീനതയാണ് ബുദ്ധിമുട്ട്.

ശ്രീ. കെ. രാഘവൻമാസ്റ്റർ: വയനാട്ടിൽ ഒരു റവന്യൂ ഡിവിഷൻ വന്നിരിക്കെ, അവിടെ ഡി. വൈ. എസ്. പി. ആഫീസ് തുറക്കാൻ പരിപാടിയുണ്ടോ? ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: തെക്കേ വയനാടും വടക്കേ വയനാടും കൂട്ടിച്ചേർത്ത് ഒരു റവന്യൂ സബ് ഡിവിഷൻ വന്നിട്ടുണ്ട്. വടക്കേ വയനാടു കൂടി തെക്കേ വയനാടിനോടുകൂടി കൂട്ടിച്ചേർത്ത് ഒരു ഡി. വൈ. എസ്. പി. സബ്ഡിവിഷൻ സ്ഥാപിക്കുന്ന കാര്യത്തെപറ്റി ആലോചിച്ചു വരികയാണ്.

ശ്രീ. തെന്നല ബാലകൃഷ്ണ പിള്ള: കൊല്ലം ജില്ലയിൽ സബ് ഡിവിഷൻ പുതിയതായി തുടങ്ങണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ: അതേപറ്റി ഡിപ്പാർട്ടുമെൻറിൻെറ ശുപാർശ എന്താണ്?

ശ്രീ. കെ. എം. മാണി: കൊല്ലം ജില്ലയിൽ, പത്തനംതിട്ടയിൽ പുതിയ സബ്ഡിവിഷൻ വേണമെന്ന് ജോർജ് മാത്യു എം. എൽ. എ. യുടെ നിവേദനം ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചു വരികയാണ്.

ശ്രീ. എൻ. ഭാസ്കരൻനായർ: ഈ വർഷം പുതിയതായി ചാർജിംഗ് സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; മാവേലിക്കരയിൽ വള്ളിക്കുന്നം എന്ന പ്രദേശത്ത് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ചാർജിങ്ങ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് സബ്ഡിവിഷനെ പറ്റിയുള്ള ചോദ്യമാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: കൂടുതൽ ജോലിയും മറ്റും കണക്കിലെടുത്തുകൊണ്ട് പുതിയതായി സർക്കിളും ആഫീസുകളും തുറക്കാൻ ഉദ്ദേശ്യമുണ്ടോ; പാലക്കാട് പുതുതായി ഒരു സർക്കിൾ ആഫീസു കൂടി തുറക്കണമെന്ന ശുപാർശ ഗവൺമെൻറിൻെറ മുമ്പിലുണ്ടോ; അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: സർക്കിളും ആഫീസ് തുറക്കാൻ പരിപാടിയുണ്ട്. ചോദ്യം അതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ്ജ്മാത്യു: സബ്ഡിവിഷന്റെ പരിധി എത്രാണ്ട് ശബരിമല അറാം വരെ കിടക്കുന്നതുകൊണ്ട് രണ്ടാക്കി അവിടത്തെ പോലീസുകാർക്ക് നിയമപരിപാലനം നടത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ: സബ്ഡിവിഷൻ തുടങ്ങുന്നതിന്റെ മാനദണ്ഡം എന്താണെന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. എം. മാണി: ഒരു സബ്ഡിവിഷന് മിനിമം രണ്ട് സർക്കിൾ ഡിവിഷനെങ്കിലും വേണമെന്നുണ്ട്. രണ്ടും മൂന്നും നാലും സർക്കിൾ ഡിവിഷനുള്ളതും സബ്ഡിവിഷനായി രൂപപ്പെടുത്തിയിട്ടുണ്ട്. പ്രാദേശികമായ, ഭൂമിശാസ്ത്രപരമായ കിടപ്പ്, ക്രൈംസിന്റെ എണ്ണം ഇതൊക്കെയാണ് സാധാരണ രീതിയിലുള്ള മാനദണ്ഡം.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: കമ്മീഷണർമാരെ നിയമിച്ചിട്ട് അവർക്ക് അധികാരമില്ലാതെ വെറുതെ ഇരിക്കുകയാണെന്നു പറയുന്നത് ശരിയാണോ?

ശ്രീ. കെ. എം. മാണി: അവർക്ക് അധികാരമുണ്ട്. അത് പ്രയോഗിക്കുന്നുമുണ്ട്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: വിഭജിക്കുന്ന സമയത്ത് റവന്യൂ ഡിവിഷനുമായി ബന്ധപ്പെട്ടുകൊണ്ട് നടത്താൻ പരിശ്രമിക്കുമോ; ചില സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള ഭൂമിശാസ്ത്രപരമായ പ്രയാസങ്ങൾ കൊണ്ട് വളരെ ദൂരം ഡിവിഷൻ ആഫീസുമായി ബന്ധപ്പെടാൻ പോകുന്നുണ്ട്.

ശ്രീ. കെ. എം. മാണി: റവന്യൂ ഡിവിഷനുമായി അതേപടി ബന്ധപ്പെട്ടിരിക്കണമെന്ന നിർബന്ധമില്ല. കഴിയുന്നതും അതനുസരിച്ച് നോക്കാം.

ശ്രീ. സി. പി. ഗോവിന്ദൻനമ്പ്യാർ: സബ്ഡിവിഷൻ അനുവദിക്കുന്നതിന് കുറഞ്ഞത് രണ്ട് സർക്കിൾ ഡിവിഷനെങ്കിലും വേണമെന്നു പറഞ്ഞു. തളിപ്പറമ്പ്, ഇരിട്ടി, പയ്യന്നൂർ എന്നീ മൂന്നു സർക്കിൾ കൂടി കേന്ദ്രീകരിച്ച് സബ് ഡിവിഷൻ തുറക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ആ പറഞ്ഞ സർക്കിളുകളും കൂട്ടിച്ചേർത്ത് അവിടെ സബ് ഡിവിഷൻ സ്ഥാപിക്കണമോ വേണ്ടയോ എന്ന് പ്രത്യേകമായി പരിശോധിച്ചിട്ട് മെരിറ്റിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: പാലക്കാട് പ്രദേശത്ത് ആറു സർക്കിളുകളും ഉണ്ടായിട്ടും രണ്ട് സബ്ഡിവിഷനേയുള്ളൂ. ഒരു സബ്ഡിവിഷൻ കൂടി അവിടെ തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: രണ്ട് സർക്കിളുകളും ഉള്ളിടത്തെല്ലാം സബ്ഡിവിഷൻ രൂപീകരിക്കാമെന്നുള്ളതല്ല നയം. ഒരു സബ്ഡിവിഷനകത്ത് രണ്ട് സർക്കിളെങ്കിലും ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജെ. ചാക്കോ: ചങ്ങനാശ്ശേരി സർക്കിൾ ആഫീസ് പട്ടണത്തിൽനിന്ന് വളരെ അകന്ന് സഞ്ചാരയോഗ്യമല്ലാത്ത വാടകക്കെട്ടിടത്തിൽ നടന്നു വരികയാണെന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പുതിയ കെട്ടിടം പണിത് ആ സർക്കിൾ ആഫീസ് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: കേരളത്തിലെ എല്ലാ സർക്കിൾ ആഫീസിനും കെട്ടിടം പണിയണമെന്നും വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കണമെന്നുമുള്ള ആഗ്രഹം ഗവൺമെൻറിനുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടാണ് അതിന് കാരണം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചങ്ങനാശ്ശേരിയിലെ പ്രശ്നം പരിഹരിക്കുന്നതിന് എന്താണ് മാർഗ്ഗം എന്നുള്ളതിനെപറ്റി ഗവൺമെൻറ് പരിശോധിക്കാം.

ജില്ലകൾ തമ്മിലുള്ള അന്തരം പരിഹരിക്കുന്നതിന് നടപടി

*287 [303] ശ്രീ വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചില ജില്ലകൾ വികസന ജില്ലകളായും മറ്റുചില ജില്ലകൾ അവികസിത ജില്ലകളുമായി നിലനിൽക്കുന്ന അന്തരം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ?

മുഖ്യമന്ത്രി (ശ്രീ പി. കെ. വാസുദേവൻ നായർ): (എ) കേരളത്തിൽ എല്ലാ ജില്ലകളും താരതമ്യേന അവികസിത ജില്ലകളാണ്. ആ കാരണത്താൽ ജില്ലകളെ വികസിതവും അവികസിതവും എന്നു തരം തിരിച്ചിട്ടില്ല.

(ബി) ഓരോ ജില്ലയുടേയും പ്രത്യേക പരിതഃസ്ഥിതിയും വിഭവശേഷിയും കണക്കിലെടുത്ത് അവക്ക് പ്രത്യേകം പ്രത്യേകമായി ജില്ലാ വികസന പദ്ധതികൾ ഉണ്ടാക്കാനുള്ള ഒരു സംവിധാനം ഗവൺമെൻറ് ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ജനകീയ പങ്കാളിത്തത്തോടുകൂടി ബ്ലോക്ക് തലത്തിൽ ഈ വികസന പരിപാടികൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു.

ശ്രീ വി. കെ. രാജൻ: ഒരു നിശ്ചിത കാലത്തിനുള്ളിൽ നമ്മുടെ സംസ്ഥാനത്തുള്ള എല്ലാ ജില്ലകളേയും ഒരേ തരത്തിലാക്കുന്ന നടപടി സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ പി. കെ. വാസുദേവൻ നായർ: എല്ലാ ജില്ലകളേയും ഒരേ തരത്തിലാക്കുക എന്നു പറഞ്ഞാൽ അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ എന്താണ് ഉദ്ദേശിക്കുന്നതെന്നു അറിയുകയില്ല. നമ്മുടെ എല്ലാ ജില്ലകളുടേയും സാമ്പത്തിക വികസനം ത്വരിതമായി നടത്തുക എന്നുള്ളതാണ് നമ്മുടെ എല്ലാവരുടേയും ഉദ്ദേശവും, ആഗ്രഹവും. അതിന് പ്രത്യേകമായി ജില്ലാ അടിസ്ഥാനത്തിലുള്ള ആസൂത്രണം ആരംഭിച്ചിരിക്കുകയാണ്, അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്ന ലക്ഷ്യം നേടാൻ കഴിയുമെന്നാണ് ഗവൺമെൻറ് വിശ്വസിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly